**പതിനാറാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

2026 ജൂൺ 22, തിങ്കൾ

# നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി**

**ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

## നെല്ല് സംഭരണം

***1** **ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരണത്തിലെ വീഴ്ചകൾ മൂലം കർഷകർ വലിയ പ്രതിസന്ധി നേരിടേണ്ടി വന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

**(ബി)** എങ്കിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിന്നിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**(സി)** നെല്ല് സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് ലഭ്യമാക്കുന്നതിനും

എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി

***2 ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ സമയബന്ധിതമായി നൽകുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(ബി)** 2021-2026 വരെയുള്ള കാലയളവിൽ വിതരണം ചെയ്ത പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**(സി)** പ്രസ്തുത കാലയളവിൽ പെൻഷൻ ഉപഭോക്താക്കളുടെ എണ്ണത്തിലും തുകയിലെ വർദ്ധനവിലും ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

**(ഡി)** പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച തുക എന്ന് മുതലാണ് വിതരണം ചെയ്ത് തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ?

## സൗജന്യ പൊതുജനാരോഗ്യ ഇൻഷ്വറൻസ് പദ്ധതി

***3 ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഓരോ കുടുംബത്തിനും പ്രതിവർഷം 25 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**(ബി)** ഇതിനായി പ്രതിവർഷം ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രീമിയം ഇനത്തിൽ നൽകേണ്ടി വരുന്ന തുക എത്രയെന്ന്

കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** ഇൻഷുറൻസ് കമ്പനികളെയും സ്വകാര്യ ആശുപത്രികളെയും കൂട്ടുതലായി ആശ്രയിക്കുന്ന ഈ പുതിയ ഇൻഷുറൻസ് നയം സർക്കാർ മേഖലയിൽ വികസിച്ചു വരുന്ന പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** സ്വകാര്യ ഇൻഷുറൻസ് മേഖലയ്ക്ക് പ്രാധാന്യം നൽകുമ്പോൾ നിലവിലുള്ള സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്നു ലഭ്യത ഉറപ്പാക്കാനുമുള്ള ഫണ്ട് വിഹിതം സംബന്ധിച്ച് നയപ്രഖ്യാപനത്തിൽ വ്യക്തമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## <u>തദ്ദേശമേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

***4** **ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഭവനരഹിതരുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

**(ബി)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**(സി)** നഗരസഭകളുടേയും കോർപ്പറേഷനുകളുടേയും സേവനനിലവാരം മെച്ചപ്പെടുത്താനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**(ഡി)** മുൻ സർക്കാരിന്റെ കാലയളവിൽ തദ്ദേശമേഖലയിലെ നേട്ടങ്ങൾക്ക് ദേശീയ തലത്തിൽ കേരളത്തിന് ലഭിച്ച അംഗീകാരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കിഫ്ബി കരാറുകാർക്ക് നൽകാനുള്ള തുക

***5 ശ്രീ. മഞ്ഞളാംകുഴി അലി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കിഫ്ബിക്കു വേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ കരാറുകാർക്ക് തുക അനുവദിക്കുന്നില്ലെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

**(ബി)** പ്രസ്തുത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

**(സി)** കരാറുകാർക്ക് കുടിശ്ശിക വരുത്തിയത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ കരാറുകാർക്ക് കുടിശ്ശിക തീർത്തുനൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാമോ?

## ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ

***6 ശ്രീ. പാറക്കൽ അബ്ദുല്ല**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിവിധ സർക്കാർ ഓഫീസുകളിലായി ഫയലുകൾ കെട്ടിക്കിടക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

**(ബി)** ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

**(സി)** അകാരണമായി ഫയലുകൾ വെച്ചു താമസിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കേരളത്തിലെ വൻകിട പദ്ധതികളുടെ പുരോഗതി

***7 ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. വി. ജോയി**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വൻകിട പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**(ബി)** വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി വന്നതും പുതുതായി വിഭാവനം ചെയ്യുതിട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായി ഇടപെടൽ നടത്തുമോ; വ്യക്തമാക്കാമോ?

## <u>സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി</u>

***8** **ശ്രീ. എഫ്. രാജ**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ;

**(ബി)** സംസ്ഥാനത്തിന്റെ നിർബന്ധിത ചെലവുകൾ മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വിശദമാക്കുമോ;

**(സി)** സംസ്ഥാനത്തിന്റെ മൂലധന ചെലവ് മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.3% മാത്രമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

**(ഡി)** മുൻ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകൾ കാരണമാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

**(ഇ)** മുൻ സർക്കാരിന്റെ കടുകാര്യസ്ഥതയും ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകളും മൂലം ഉണ്ടായിട്ടുള്ള അതിരൂക്ഷമായ ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമൊ

**<u>വയോജനക്ഷേമം</u>**

***9 ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ വയോജനക്ഷേമ വകുപ്പിന്റെ രൂപീകരണം വയോജന പരിപാലന സംവിധാനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾക്ക് കാരണമാകുമെന്ന് വിശദമാക്കാമോ;

**(ബി)** വയോജനങ്ങൾ സമൂഹത്തിന് ബാധ്യതയല്ല മറിച്ച് മുതൽക്കൂട്ടാണെന്ന വസ്തുത തിരിച്ചറിഞ്ഞ് അവരുടെ സാന്നിധ്യം ഫലപ്രദമായി ഉപയോഗപ്പെടുത്താനുതകുന്ന പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** വയോജന സമൂഹത്തിന് ഇൻഷുറൻസ് അധിഷ്ഠിത പരിചരണ സംവിധാനങ്ങൾ ഏർപ്പെടുത്താനും അതിനാവശ്യമായ നിപുണതയുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**(ഡി)** വൃദ്ധസദന മാതൃക ഒഴിവാക്കി, വയോജനങ്ങൾക്ക് സ്വഭവനങ്ങളിൽ തന്നെ ആരോഗ്യപരിപാലനവും മറ്റ് അവശ്യസേവനങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഇന്ദിരാ ഗ്യാരണ്ടി</u>**

***10 ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നീലകണ്ഠൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജനക്ഷേമത്തിന് മുൻഗണന നൽകുന്ന നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ;

**(ബി)** സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ഇന്ദിരാ ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

**(സി)** ഇന്ദിരാ ഗ്യാരണ്ടികൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റൂറൽ ഗ്രാൻഡ്</u>**

***11** **ശ്രീമതി രമ്യ ഹരിദാസ്**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പതിനാറാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റൂറൽ ഗ്രാൻഡിൽ കുറവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** റൂറൽ ഗ്രാൻഡിൽ കുറവ് വരുത്തിയത് സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

**(സി)** പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ?

**<u>പൊതുവിതരണ സംവിധാനത്തിലെ സുതാര്യത</u>**

***12** **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പൊതുവിതരണ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ എന്തൊക്കെയായിരുന്ന

എന്ന് വിശദമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ പൊതുവിതരണ സംവിധാനത്തിലൂടെ പ്രതിമാസ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

**(സി)** റേഷൻകടകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കാമോ;

**(ഡി)** ഡിജിറ്റൽ സേവനങ്ങളിലൂടെ പൊതുവിതരണമേഖലയിലെ ഗുണഭോക്താക്കൾക്ക് ലഭിച്ച സൗകര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

## <u>സുസ്ഥിര വികസനം ഉറപ്പുവരുത്തുവാൻ പുതിയ പദ്ധതികൾ</u>

***13** **ശ്രീമതി ഗീതാ ഗോപി**

**ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുഖ്യധാരാ വികസന സങ്കല്പങ്ങൾക്ക് ബദലായി പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും നയരൂപീകരണത്തിലും ജനപക്ഷവികസനത്തിന്റെ പുതിയ കാഴ്ചപ്പാട് മുന്നോട്ടു വെച്ച മുൻസർക്കാരിന്റെ കാലത്ത് കേരളം ലോകത്തിന് മാതൃകയായിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വളർച്ചയും സമഗ്രവികസനവും സാമൂഹികക്ഷേമവും മുൻനിർത്തി സുസ്ഥിര വികസനത്തിന്റെ മികച്ച മാതൃക സൃഷ്ടിക്കുവാൻ മുൻസർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** സംസ്ഥാനത്തിന്റെ സുസ്ഥിരവികസനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദമാക്കാമോ;

**(ഡി)** പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിച്ച് ഭാവി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിന്

ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം

***14 ശ്രീ. നാട്ടകം സുരേഷ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ കാലതാമസം നേരിടുന്നുവെന്നും പരീക്ഷാ നടപടികളിൽ വീഴ്ച സംഭവിക്കുന്നുവെന്നുമുള്ള ആക്ഷേപങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ തട്ടിപ്പ് നടന്നുവെന്നും പരീക്ഷ നടപടികളിൽ വീഴ്ച സംഭവിച്ചു എന്നുമുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപങ്ങളിൽ അന്വേഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുന്ന രീതിയിൽ പരീക്ഷാ തട്ടിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമൊ;

**(ഡി)** സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിലവിൽ വരുന്ന ഒഴിവുകൾ സമയബന്ധിതമായി പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

## ഷിഗെല്ല രോഗം

***15 ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ഷിഗെല്ല രോഗം റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** ഏതെല്ലാം ജില്ലകളിൽ നിന്നാണ് രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**(സി)** പ്രസ്തുത രോഗം തടയാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ?

**<u>വയോജനക്ഷേമ വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ</u>**

***16 ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി. ജെ. വിനോദ്**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** രാജ്യത്ത് ആദ്യമായി രൂപീകരിച്ച വയോജനക്ഷേമ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ;

**(ബി)** വയോജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സംയോജിത തുറമുഖ കേന്ദ്രമാക്കുവാൻ പദ്ധതി</u>**

***17 ശ്രീമതി കെ. കെ. രമ**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും മനുഷ്യ വിഭവശേഷിയും ഫലപ്രദമായി വിനിയോഗിക്കുന്നതും പരിസ്ഥിതി സൗഹൃദവുമായ ഒരു വികസന നയം

ആവിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

**(ബി)** കേരളത്തിന്റെ 600 കിലോമീറ്റർ വരുന്ന തീരപ്രദേശവും നദികളും തടാകങ്ങളും ഉൾപ്പെടുന്ന ഭൂപ്രകൃതിയും അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ഫലപ്രദമായി കോർത്തിണക്കി സംസ്ഥാനത്തെ ഒരു സംയോജിത തുറമുഖ കേന്ദ്രമാക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**(സി)** മേൽപ്പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയ സമീപനം എന്താണെന്നും ഇക്കാര്യത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

## <u>നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

***18** **ശ്രീ. പി. പി. സുമോദ്**
**ശ്രീ. കെ. എൻ. ബാലഗോപാൽ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലും നികുതി ഇതര വരുമാനത്തിലും മുൻ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുള്ള വളർച്ച ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

**(ബി)** നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കും പെൻഷനുമായി നൽകേണ്ടി വരുന്നതെന്ന് വിശദീകരിക്കാമോ;

**(സി)** നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടി</u>

***19** **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ കേരളം വിലക്കയറ്റ സൂചികകളിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് ആയിരുന്നതിനാൽ ജനങ്ങൾ വലിയ പ്രതിസന്ധി നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ഫലപ്രദമായ വിപണി ഇടപെടലിനായി കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** വിലക്കയറ്റം പ്രതിരോധിക്കുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**(സി)** ഇന്ധന പ്രതിസന്ധിയുടെ സാഹചര്യത്തിൽ റേഷൻ കടകൾ വഴിയുള്ള മണ്ണെണ്ണ വിതരണം തടസ്സപ്പെടാതിരിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>അതിവേഗ റെയിൽ പദ്ധതി</u>

***20 ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തിൽ അതിവേഗ റെയിൽപാത സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന അതിവേഗ റെയിൽപാതയുടെ ഗുണങ്ങൾ എന്തൊക്കെയാണെന്നും സംസ്ഥാനത്ത് എവിടെയെല്ലാം സേവനം ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായുമുള്ള വിവരം വ്യക്തമാക്കാമോ;

**(സി)** അതിവേഗ റെയിൽപാത സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>മെഡിക്കൽ കോളേജുകളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി</u>**

***21 ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ മുൻ സർക്കാർ പരാജയപ്പെട്ടത് മൂലം ചികിത്സ തേടുന്നവർ പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ രോഗികൾ നിലത്ത് കിടക്കുന്ന ദുരവസ്ഥ ഒഴിവാക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>വ്യോമയാന അടിസ്ഥാന സൗകര്യവികസനത്തിനായി പ്രത്യേക പദ്ധതി</u>**

***22 ശ്രീ. കെ. പി. നൗഷാദ് അലി**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനുയോജ്യമായതും പരിസ്ഥിതി സൗഹൃദവുമായ വികസനനയം ആവിഷ്കരിച്ച് നടപ്പാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്തെ വ്യോമയാന അടിസ്ഥാനസൗകര്യ വികസനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന്

വ്യക്തമാക്കാമോ;

**(സി)** കേരളത്തെ ദക്ഷിണേഷ്യയിലെ സിവിൽ വ്യോമയാനത്തിന്റെ പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## തുറമുഖ നഗരം പദ്ധതി

***23** **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ രാജ്യാന്തര, ഇടത്തരം തുറമുഖങ്ങളെ സംയോജിപ്പിച്ച് തുറമുഖ നഗരം പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ സവിശേഷതകൾ വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്തെ ദീർഘമായ കടൽത്തീരവും കണ്ടെയ്നർ ടെർമിനലിന്റെ സാന്നിധ്യവും പദ്ധതിയിൽ ഏതു വിധേന പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

**(സി)** പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ ചരക്കു നീക്കത്തിന്റെ എത്ര ശതമാനം കടൽമാർഗ്ഗം ആകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ചരക്കു നീക്കത്തിന് പുറമെ ടൂറിസം വികസനത്തിനും പദ്ധതി ഗതിവേഗം പകരുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

**(ഡി)** പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന തൊഴിൽ സൃഷ്ടിക്കുന്നതിന് ഉതകുന്ന നൈപുണ്യ വികസനത്തിന് പദ്ധതിയിൽ പരിഗണന നൽകിയിട്ടുണ്ടോ; ഇതിനായുള്ള വിദഗ്ധ പരിശീലനവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ഇ)** പരിസ്ഥിതിക്കും സമുദ്ര ആവാസവ്യവസ്ഥയ്ക്കും പദ്ധതി മൂലം ഉണ്ടായേക്കാവുന്ന വെല്ലുവിളികൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പദ്ധതിയുടെ ഭാഗമാണോ; വ്യക്തമാക്കാമോ?

## ദുരന്തനിവാരണ സംവിധാനത്തിന്റെ കാര്യക്ഷമത

***24 ശ്രീ. രമേഷ് പിഷാരടി**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. സുമേഷ് അച്ചുതൻ**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനത്തിന്റെ കാര്യക്ഷമതയെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** 2018-ലെ പ്രളയത്തിന് കാരണമായത് ഡാം മാനേജ്മെന്റിൽ ഉണ്ടായ വീഴ്ചയാണെന്ന ആക്ഷേപം ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനത്തെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ജനപങ്കാളിത്തത്തോട് കൂടി ഏതൊരു ദുരന്ത സാഹചര്യത്തിലും കാര്യക്ഷമമായി പ്രതികരിക്കുന്ന ദുരന്ത ലഘൂകരണ സംവിധാനം പ്രവർത്തനസജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം</u>**

***25 ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2026-ലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തെത്തുടർന്ന് സർവ്വീസ് സംഘടനകളുടെ ആവശ്യപ്രകാരം മാനദണ്ഡവിരുദ്ധമായി സർക്കാർ ജീവനക്കാരെ സ്ഥലംമാറ്റി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം

വ്യക്തമാക്കാമോ;

**(സി)** സർവ്വീസ് സംഘടനാ ഭാരവാഹികൾ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലുള്ള സ്ഥലംമാറ്റ നടപടികൾ ക്രമപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അത്തരം സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്ത് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന വിശദമാക്കാമോ;

**(ഡി)** സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതു മാനദണ്ഡം നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഓൺലൈനായി മാത്രം സ്ഥലംമാറ്റം നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## ലോട്ടറി മേഖലയെ ശക്തിപ്പെടുത്താൻ നടപടി

***26** **ശ്രീ. കെ. ജയന്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ലോട്ടറി നറുക്കെടുപ്പ് സുതാര്യമാക്കുന്നതിനും ലോട്ടറി മേഖലയെ ശക്തിപ്പെടുത്തുന്നതിനും എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** സംസ്ഥാനത്ത് ലോട്ടറി വില്പനക്കാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(സി)** കാരുണ്യ ലോട്ടറി വഴി കാരുണ്യ ബനവലൻറ് ഫണ്ടിലേക്ക് ലഭ്യമായ തുക അർഹരായ ഗുണഭോക്താക്കളിലേയ്ക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിന് നടപടി

***27** **ശ്രീ. കെ. പ്രേമൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഇന്ധന വിലയിലെ തുടർച്ചയായ വർദ്ധനവ് കാരണം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ബി)** പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളും ഉൾപ്പെടെയുള്ളവയുടെ വില വർദ്ധനവ് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

**(സി)** വിലവർദ്ധനവ് തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>

***28 ശ്രീ. സേനാപതി വേണു**
**ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. സി. വി. ശാന്തകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സപ്ലൈകോയ്ക്ക് സർക്കാരിൽ നിന്നും എത്ര കോടി രൂപ ഏതൊക്കെ ഇനത്തിൽ കുടിശ്ശികയായി ലഭിക്കാൻ ഉണ്ടായിരുന്നു; വിശദാംശം വ്യക്തമാക്കുമോ;

**(ബി)** വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വിപണി ഇടപെടൽ നടത്തേണ്ട സപ്ലൈകോയ്ക്ക് അനുവദിക്കേണ്ട പണത്തിൽ കുടിശ്ശിക വരുത്തിയതിനാൽ സംസ്ഥാനത്ത് വിലക്കയറ്റത്തോത് കഴിഞ്ഞ 10 വർഷക്കാലയളവിൽ വൻതോതിൽ ഉയർന്നു നിന്നിരുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നല്കുമോ;

**(സി)** ഫലപ്രദമായ വിപണി ഇടപെടൽ നടപ്പാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ കടബാധ്യത</u>

***29 ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 5.07 ലക്ഷം കോടി രൂപയായി ഉയർന്ന സാഹചര്യം വ്യക്തമാക്കാമോ;

**(ബി)** കഴിഞ്ഞ പത്തുവർഷംകൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടം ഏകദേശം അഞ്ചിരട്ടിയായി വർധിച്ചു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**(സി)** ജി.എസ്.ഡി.പി.യുടെ 35.5% ആയി കടബാധ്യത വർദ്ധിച്ചതിനെ മറികടക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>മൺസൂൺകാല സാംക്രമിക രോഗബാധയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ</u>

***30 ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഷിഗെല്ല രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മൺസൂൺകാല സാംക്രമിക രോഗബാധയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ വിശദമാക്കാമോ;

**(ബി)** ജലജന്യ രോഗങ്ങൾ സംബന്ധിച്ച് നടത്തിവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പ്രതിരോധ നടപടികളുടെ ഭാഗമായി ജലസ്രോതസ്സുകൾ രോഗാണുമുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

**(ഡി)** രോഗബാധയുടെ ഒരു ഉറവിടം കേടായ ഭക്ഷണമാണെന്ന വസ്തുത കണക്കിലെടുത്ത് രോഗബാധിത പ്രദേശങ്ങളിൽ ഹോട്ടലുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 13, ശനി

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].